# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6731

09.11.2016- ൽ മറുപടിയ്ക്ക്

## നെൽ കർഷകർക്ക് സഹകരണ ബാങ്കുകളിൽ നിന്ന് പലിശരഹിത വായ്പ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാന സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ നെൽ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) നബാർഡ് പുനർവായ്പാ പദ്ധതി പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. |
| ബി) ഇത്തരത്തിൽ വിതരണം ചെയ്യുന്ന വായ്പകൾ നെൽകൃഷിക്കുവേണ്ടി ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (ബി) കർഷകന്റെ കൈവശമുള്ള സ്ഥലത്ത് നെൽകൃഷിയാണ് ചെയ്യുന്നതെന്നും നെൽകൃഷിക്ക് പലിശരഹിത വായ്പ അനുവദിക്കാവുന്നതാണെന്നുമുള്ള കൃഷി ആഫീസറുടെ ശുപാർശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പലിശരഹിത വായ്പ അനുവദിക്കുന്നത്. വായ്പ ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് അതാത് സംഘങ്ങൾ/ബാങ്കുകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. സംഘം തലത്തിൽ കൃഷി ആഫീസർ, സംഘം/ബാങ്ക് ഭരണസമിതി അംഗങ്ങൾ, സഹകരണ സംഘം യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരടങ്ങിയ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി മോണിറ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) നെൽകൃഷിക്കായി വായ്പയെടുക്കുന്ന തുക മറ്റ് പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവെന്ന് കണ്ടെത്തിയാൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) വായ്പാതുക നെൽകൃഷിക്കുപയോഗിക്കാതെ വക മാറ്റി ഉപയോഗിക്കുകയോ മറ്റ് വിളകളുടെ കൃഷിക്കായി എടുക്കുകയോ ചെയ്തതായി ബോദ്ധ്യപ്പെട്ടാൽ ദുരുപയോഗം ചെയ്യുന്ന വായ്പക്കാരിൽ നിന്നും കാലാവധി കണക്കാക്കാതെ വായ്പ തിരിച്ച് പിടിക്കുന്നതിനും വായ്പയുടെ പലിശ വായ്പക്കാരിൽ നിന്നും ഈടാക്കുന്നതിനും സംഘങ്ങൾ നടപടി സ്വീകരിക്കുന്നു. |

| | | |
|---|---|---|
| ഡി) | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഇവിടെ നിന്നും നെൽകൃഷിക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**